# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1434** **03.10.2016**-ൽ മറുപടിക്ക്

## വൃക്കരോഗം വർദ്ധിക്കാനുള്ള കാരണങ്ങൾ

**ചോദ്യം** | **മറുപടി**

**ശ്രീ.സി.കൃഷ്ണൻ**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ വല്ലതും നടത്തിയിട്ടുണ്ടോ; | (എ) (ബി) & (സി) | ഇന്ത്യൻ സൊസൈറ്റി ഓഫ് നെഫ്രോളജി ഈ മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നെഫ്രോളജി ഓ.പി.യിൽ വരുന്ന രോഗികളുടെ വൃക്ക തകരാർ കണ്ടുപിടിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്. ദേശീയ 'ക്രോണിക് കിഡ്നി ഡിസീസ് രജിസ്ട്രി' യിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രോഗികളുടെ രോഗ ലക്ഷണങ്ങൾ ചേർത്തിട്ടുണ്ട്.<br>സംസ്ഥാനത്ത് പ്രമേഹം മൂലമുള്ള വൃക്കരോഗങ്ങളാണ് കൂടുതലായി കണ്ടു വരുന്നത്. ഇതു കൂടാതെ അമിത രക്തസമ്മർദ്ദം, Glomerulonephritis, വൃക്കകളുടെ അണുബാധ എന്നിവ കൊണ്ടുണ്ടാകുന്ന വൃക്കരോഗവും കണ്ടുവരുന്നുണ്ട്. |
| (ബി) | എങ്കിൽ, വൃക്കരോഗം വർദ്ധിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ; | | |
| (സി) | ഇല്ലെങ്കിൽ, ഈ മേഖലയിൽ പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**